"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-കാസർഗോഡ് നീലിമല പെരിയങ്ക റോഡ് നിർമ്മാണത്തിനായി 3 സെന്റ് സ്ഥലം വീതം സൗജന്യമായി വിട്ടു നൽകിയ ശ്രീ. രാജേഷ് എം.കെ., ശ്രീ. എല്യമ്പൻ എന്നിവർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---------------------------------------------------------------------------------------------

തദ്ദേശ സ്വയംഭരണ(ഡി ഇ)വകുപ്പ്

സ.ഉ.(സാധാ) നം.835/2025/LSGD തീയതി,തിരുവനന്തപുരം, 27-03-2025

---------------------------------------------------------------------------------------------

പരാമർശം:- 1. സ.ഉ.(സാധാ) നം. 2043/2024/തസ്വഭവ തീയതി 26.10.2024

2. കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13.11.2024 ലെ B1-1318/23 നമ്പർ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ലെ യോഗതീരുമാനം ഖണ്ഡിക നം. 4.39

ഉത്തരവ്

കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെ നീലിമല പെരിയങ്ക റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് എടുത്തതിനാൽ വീടിനും ജീവനും ഭീഷണിയുള്ള ശ്രീ. രാജേഷ് എം.കെ.യുടെ നിലവിലുള്ള വീടും സ്ഥലവും പഞ്ചായത്തിലേയ്ക്ക് സറണ്ടർ ചെയ്ത് പുതിയ സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിന് പ്രോജക്ട് തയ്യാറാക്കുന്നതിന് കള്ളാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും, ആയതിനുള്ള ഫണ്ട് കാസർഗോഡ് ജില്ലാപഞ്ചായത്തിൽ നിന്നും അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകിയും പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീ. രാജേഷ് എം.കെ., ശ്രീ. എല്യമ്പൻ എന്നിവർ കാസർഗോഡ് നീലിമല പെരിയങ്ക റോഡ് നിർമ്മാണത്തിനായി 3 സെന്റ് സ്ഥലം വീതം സൗജന്യമായി വിട്ടു നൽകി. റോഡ് കട്ടിംഗ് കഴിഞ്ഞപ്പോൾ ഇവരുടെ സ്ഥലം ഉയരത്തിലായതിനാൽ മണ്ണിടിച്ചിൽ ഭീഷണിയുണ്ട്. ഇതിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 1.00 കോടി രൂപയോളം ചെലവ് വരുന്നതിനാൽ ശ്രീ. രാജേഷ് എം.കെ ക്ക് നിലവിലുള്ള വീടും സ്ഥലവും പഞ്ചായത്തിലേയ്ക്ക് സറണ്ടർ ചെയ്ത് പുതിയ സ്ഥലം കണ്ടെത്തി വീട് വയ്ക്കുന്നതിന് അനുമതി നൽകിയ സാഹചര്യത്തിൽ, ശ്രീ. എല്യമ്പനും സ്ഥലം വാങ്ങി വീടു വച്ചു നൽകുന്നതിന്

അനുമതിയ്ക്കായി പരാമർശം 2 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിച്ചിരുന്നു.

3. ബഹു. ത സ്വ ഭ വകുപ്പ് മന്ത്രി അധ്യക്ഷനായ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് കാസർഗോഡ് നീലിമല പെരിയങ്ക റോഡ് നിർമ്മാണത്തിനായി 3 സെന്റ് സ്ഥലം വീതം സൗജന്യമായി വിട്ടു നൽകിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ശ്രീ. രാജേഷ് എം.കെ., ശ്രീ. എലുമ്പൻ എന്നിവർക്ക് താഴെ പറയും പ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ശ്രീ. രാജേഷ് എം.കെ., ശ്രീ. എലുമ്പൻഎന്നിവരുടെ മിച്ചമുള്ള സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതില്ല. ഇതിന്റെ ഉടമസ്ഥത ഈ ഗുണഭോക്താക്കളിൽത്തന്നെ നിലനിർത്തിക്കൊണ്ട് വീട് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം (പരമാവധി 3 സെന്റ്) വാങ്ങി നൽകി വീട് നിർമ്മിക്കാൻ ധനസഹായം നൽകേണ്ടതാണ്.

ii. ലൈഫ് ഭവന പദ്ധതിയിലെ നിരക്കിനു പകരം (2.25 ലക്ഷം രൂപ )മാനദണ്ഡ പ്രകാരമുള്ള ഭൂമിയുടെ മാർക്കറ്റ് വില നൽകേണ്ടതാണ്.

iii. കുടുംബത്തിനും സ്ഥലവും വീടും നിർമ്മിച്ചു നൽകാൻ ജില്ലാ പഞ്ചായത്ത്തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

iv. കള്ളാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിശദാംശങ്ങൾ ഗുണഭോക്താക്കളെ അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

സെക്രട്ടറി, കാസർഗോഡ് ജില്ലാപഞ്ചായത്ത്

സെക്രട്ടറി, കള്ളാർ ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 28-03-2025 10:40:49

സെക്ഷൻ ഓഫീസർ